**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1171** **09-10-2024 - ൽ മറുപടിയ്ക്ക്**

**മാമാങ്കവുമായി ബന്ധപ്പെട്ട് നടത്തുന്ന പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കുറുക്കോളി മൊയ്തീൻ | | ശ്രീ സജി ചെറിയാൻ (മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | മാമാങ്കവുമായി ബന്ധപ്പെട്ട് തിരുനാവായയിൽ സാംസ്കാരിക വകുപ്പ് ഏറ്റെടുത്ത് നടത്തുന്ന പദ്ധതികളും പ്രവർത്തനങ്ങളും വിശദമാക്കാമോ; | (എ) | തിരുനാവായ മാമാങ്ക മഹോൽസവം മതേതര പാരമ്പര്യം നിലനിർത്തി കൂടുതൽ ആകർഷകമായ രീതിയിൽ നടത്തുന്നതിനായി സർക്കാർ പ്രത്യേക സമിതി രൂപീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് ബഹു. തിരൂർ എം.എൽ.എ 13.02.2024-ന് സാംസ്കാരിക വകുപ്പിൽ കത്ത് നൽകിയിരുന്നു. എം.എൽ.എ യുടെ കത്തിന്മേൽ മലപ്പുറം ജില്ലാ കളക്ടറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) | മാമാങ്കവുമായി ബന്ധപ്പെട്ട് നടക്കുന്ന വിവിധ പരിപാടികൾക്ക് വകുപ്പിന്റെ പിന്തുണയും സാമ്പത്തിക സഹായവും ലഭ്യമാക്കുന്നുണ്ടോ; | (ബി) | തിരുനാവായ മാമാങ്ക മഹോൽസവം മതേതര പാരമ്പര്യം നിലനിർത്തി കൂടുതൽ ആകർഷകമായ രീതിയിൽ നടത്തുന്നതിനായി സർക്കാർ പ്രത്യേക സമിതി രൂപീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് ബഹു. തിരൂർ എം.എൽ.എ 13.02.2024-ന് സാംസ്കാരിക വകുപ്പിൽ കത്ത് നൽകിയിരുന്നു. എം.എൽ.എ യുടെ കത്തിന്മേൽ മലപ്പുറം ജില്ലാ കളക്ടറുടെ റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (സി) | മാമാങ്കവുമായി ബന്ധപ്പെട്ട് നടക്കുന്ന മാമാങ്ക മഹോത്സവവും മാമാങ്കത്തിന്റെ മറ്റ് ചരിത്രശേഷിപ്പുകളും ഏറ്റെടുത്ത് നടത്തുന്നതിന് വകുപ്പിന്റെ ആഭിമുഖ്യത്തിൽ തുഞ്ചൻ സ്മാരക ട്രസ്റ്റ് മാതൃകയിൽ ട്രസ്റ്റ് രൂപീകരിക്കണം എന്നുള്ള വിവിധ സംഘടനകളുടെ അഭ്യർത്ഥന ഏറ്റെടുക്കുന്നതിൽ എന്തെങ്കിലും തടസമുണ്ടോയെന്ന് അറിയിക്കാമോ? | (സി) | മാമാങ്ക സംരക്ഷണ സമിതി എന്ന സംഘടന സാംസ്കാരിക വകുപ്പദ്ധ്യക്ഷ കാര്യാലയത്തിൽ നൽകിയ അഭ്യർത്ഥന പ്രകാരം മാമാങ്ക ട്രസ്റ്റ് രൂപീകരിക്കുന്നത് സംബന്ധിച്ച വിശദമായ ബൈലോ ഉൾപ്പെടെ ലഭ്യമാക്കാൻ മാമാങ്ക സ്മാരക സംരക്ഷണ സമിതിയ്ക്ക് സാംസ്കാരിക വകുപ്പദ്ധ്യക്ഷൻ കത്ത് നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ